(ഡി) കെ.എസ്.ഐ.ഡി.സി. 1996-97-ൽ 943 ലക്ഷം രൂപയും, 1997-98 ൽ 584 ലക്ഷം രൂപയും അറ്റാദായമുണ്ടാക്കി. 1998-99-ൽ ഏതാണ്ട് 800 ലക്ഷം രൂപ ലാഭമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാന്റായി തുക യൊന്നും നൽകിയിട്ടില്ല.

(എഫ്)കെ.എസ്.ഐ.ഡി.സി.യിലെ മാനേജീരിയൽ തസ്തികകളി ലൊഴികെയുള്ള നിയമനങ്ങളെല്ലാം പി.എസ്.സി. ക്കു വിട്ടിട്ടുണ്ട്.

19 (1748) ഫാമിലി കൗൺസിലിംഗ് സെന്ററുകൾ

<u>ശ്രീ. പി. വിശ്വൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഫാമിലി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ സെന്ററുകളുടെ പ്രവർത്തനം യഥാസമയം വിലയിരു ത്താനുള്ള സംവിധാനം നിലവിലുണ്ടോ;

(സി) പ്രസ്തുത സെന്ററുകളുടെ പ്രവർത്തനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട സബ്കമ്മിറ്റികളുടെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യക്ഷേമവകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശകബോർഡിന്റെ കീഴിൽ 27 ഫാമിലി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശകബോർഡിലെ ഫീൽഡ് ഓഫീസർമാർ ഇവയുടെ പ്രവർത്തനം വിലയിരുത്തി നൽകുന്ന റിപ്പോർട്ടിൽ ആവശ്യമായ നടപടികൾ ബോർഡ് സ്വീകരിക്കുന്നുണ്ട്.

(സി) സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഈ സെന്ററുകൾ അവർക്ക് വേണ്ടതായ വിദഗ്ദ്ധ ഉപദേശവും സഹായവും നിയമോപദേശവും നൽകിവരുന്നു. ഇതിനായി നിർദിഷ്ട വിദ്യാഭ്യാസ യോഗ്യതയുള്ളവരും പരിചയസമ്പന്നരുമായ കൗൺസിലർമാരെ നിയമിച്ചി ട്ടുണ്ട്. ഈ സെന്ററുകളുടെ കാര്യക്ഷമമായ നടത്തിപ്പിനായി വിവിധ ഭാഗങ്ങ ളിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സബ്കമ്മിറ്റി ഓരോ സെന്ററുക ളിലും രൂപികരിച്ചിട്ടുണ്ട്.

(ഡി) ഓരോ സെന്ററിലും രൂപീകരിക്കുന്ന സബ്കമ്മിറ്റികളിൽ മൂന്നിൽ ഒന്ന് അംഗങ്ങൾ സ്ത്രീകളായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തി ട്ടുണ്ട്. കമ്മിറ്റിയിൽ സാമൂഹ്യക്ഷേമപ്രവർത്തകർ, തദ്ദേശസ്വയംഭരണസ്ഥാപ നങ്ങളുടെ പ്രതിനിധി, പ്രാദേശിക പോലീസ് ഡിപ്പാർട്ടുമെന്റിന്റെ പ്രതിനിധി, നിയമജ്ഞർ, സാമൂഹ്യശാസ്ത്രജ്ഞർ പ്രഗൽഭരീതിയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനയുടെ പ്രതിനിധി എന്നിവർ അംഗങ്ങളാ ണ്. ഇവർ സെന്ററിലെ കൗൺസിലർമാർക്ക് വേണ്ട ഉപദേശവും സഹാ

LIBRARY ARCHIVES Kerala Legislative Assembly

യവും നൽകുന്നു. നാലുമാസത്തിൽ ഒരിക്കൽ കമ്മിറ്റികൂടി സെന്ററിന്റെ പ്രവർത്തനം വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും.

20 (1749) ഐ.സി.ഡി.എസ്. പ്രോജക്ടുകൾ

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999ൽ പുതിയതായി ഐ.സി.ഡി.എസ്. പ്രോജക്ടുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ബ്ലോക്കുകളിൽ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. 1999-2000-ാം മാണ്ടിൽ ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്തെ 20 ബ്ലോക്കുകളിൽ ഐ.സി.ഡി.എസ്. പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

21 (1750) സംസ്ഥാന വനിതാ ക്ഷേമ ബോർഡിനുള്ള സഹായം

ശ്രീമതി റോസമ്മ ചാക്കോ :

ശ്രിമതി ശോഭനാ ജോർജ് :

ശ്രീ. വി. ബാലറാം :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വനിതാ ക്ഷേമ ബോർഡിനെ സഹായിക്കുന്നതിന് ഭരണപരമായും മറ്റു വിധത്തിലുള്ള എത്ര ഉദ്യോഗസ്ഥന്മാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ ഗ്രേഡും പദവിയും എന്തെന്ന് അറിയിക്കുമോ;

(സി) ഈ ബോർഡ് ആവശ്യപ്പെട്ട സഹായങ്ങൾ ഗവൺമെന്റിന്റെ മറ്റ് വകുപ്പുകളിൽ നിന്നും കിട്ടാതിരുന്ന സംഭവം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) മുതൽ (സി) വരെ

വനിതാക്ഷേമം ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. കേരള വനിതാ കമ്മിഷൻ.
2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly